# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 805 — 04.03.2020-ൽ മറുപടിയ്ക്ക്.

## സംസ്ഥാനത്തെ പാൽ ഉൽപ്പാദനവും സംഭരണവും വർദ്ധിപ്പിക്കാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മോൻസ് ജോസഫ്<br>ശ്രീ.പി.ജെ.ജോസഫ്<br>ശ്രീ.സി.എഫ്.തോമസ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) വേനൽകാലത്ത് പാൽ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞത് കാരണം ക്ഷീര കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്തുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്തെ കാലാവസ്ഥയിലുണ്ടായ വ്യതിയാനങ്ങൾ കാരണമാണ് പാലുല്പാദനത്തിൽ നേരിയ കുറവുണ്ടായിട്ടുള്ളത്. രൂക്ഷമായ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ മഴവെള്ള സംഭരണികളും മറ്റ് ജല സ്രോതസ്സുകളും നിർമ്മിക്കുന്നതിനുള്ള സഹായം നൽകുന്ന പദ്ധതികൾക്ക് കൂടുതൽ പരിഗണന നൽകുന്നതാണ്. ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കാലിത്തീറ്റ മിശ്രിതത്തിന്റെ അളവ് പരമാവധി കുറച്ചും തീറ്റപ്പുല്ലിന്റെയും പ്രാദേശികമായി ലഭ്യമാകുന്ന കാലിത്തീറ്റ വിളകളുടേയും പാരമ്പര്യേതര കാലിത്തീറ്റയുടെയും ഉപയോഗം വർദ്ധിപ്പിക്കുന്നതിനുമുള്ള ശ്രമം നടത്തി വരുന്നു.<br>വേനൽക്കാലത്ത് പച്ചപ്പുല്ലിന്റെ അഭാവത്താൽ പശുക്കൾക്കുണ്ടാകുന്ന ജീവകങ്ങളുടെ കുറവ് പരിഹരിക്കുന്നതിന് മിൽമയുടെ മേഖലാ യൂണിയനുകൾ ഫീഡ് സപ്ലിമെന്റുകൾ ലഭ്യമാക്കി വരുന്നു. കന്നുകാലി വികസന ബോർഡിന്റെ സഹായത്തോടെ ചോളത്തിന്റെയും പുല്ലിന്റെയും വിത്തുകൾ സൗജന്യമായി നൽകി വരുന്നു. കെട്ടുകളാക്കിയ വൈക്കോൽ, Total Mixed Ration (TMR), Maize, സൈലേജ് എന്നിവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ, വേനൽക്കാലത്ത്, പശുപരിപാലനത്തിന് സ്വീകരിക്കേണ്ട ശാസ്ത്രീയ വശങ്ങളെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിന് നിരന്തരം സെമിനാറുകളും ബോധവത്ക്കരണ ക്ലാസ്സുകളും, പരിശീലനങ്ങളും നടത്തി വരുന്നു. |

(ബി) തിരുവനന്തപുരത്തും മലബാറിലും മിൽമയിലെ പാൽക്ഷാമം പരിഹരിക്കാൻ മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന സാഹചര്യത്തെ മറികടക്കാൻ സംസ്ഥാനത്തെ പാൽ ഉൽപ്പാദനവും സംഭരണവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

(ബി) ഇപ്പോൾ മലബാർ മേഖലയിൽ പ്രതിദിന വിപണനത്തിനാവശ്യമായതിനേക്കാൾ 10000 ലിറ്റർ പാൽ പ്രാദേശികമായി സംഭരിക്കുന്നുണ്ട്. മലബാർ മേഖലയിൽ മിച്ചം വന്നിരുന്ന പാൽ മുമ്പ് എറണാകുളം, തിരുവനന്തപുരം മേഖലയിൽ വിപണനത്തിന് നൽകുകയാണ് ചെയ്തിരുന്നത്.

എന്നാൽ തിരുവനന്തപുരം മേഖലയിൽ പ്രതിദിനം 1.4 ലക്ഷം ലിറ്റർ പാലിന്റെ കുറവ് പ്രാദേശിക സംഭരണത്തിലുണ്ട്. ഈ കുറവ് നികത്തുന്നതിനായി തമിഴ്നാട്ടിൽ നിന്നും കർണാടകത്തിൽ നിന്നും പാൽ കൊണ്ടുവരികയാണ് ചെയ്യുന്നത്.

സംസ്ഥാനത്തെ പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**